ഐ. ആർ. ബറ്റാലിയനുകൾ

9 (1749) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഐ. ആർ. ബറ്റാലിയനുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; കൂടുതൽ ഐ. ആർ. ബറ്റാലിയനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ഐ.ആർ. ബറ്റാലിയൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി 675 പോലീസുകാരുടെ നിയമന നടപടി പൂർത്തീകരിച്ചിട്ടുള്ളതും 28-12-2010-ൽ ഐ. ആർ. ബറ്റാലിയൻ റെഗുലർ വിംഗിന്റെ ട്രെയിനിംഗ് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ തുടങ്ങുന്നതും ഐ.ആർ. ബറ്റാലിയൻ കമാൻഡോ വിംഗിന്റെ പരിശീലനം 24-1-2011-ൽ പാണ്ടിക്കാട് പോലീസ് ക്യാമ്പിൽ തുടങ്ങുന്നതിനായി ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയച്ചിട്ടുള്ളതുമാണ്. കൂടാതെ ഒരു കമാൻഡന്റ് 6 ഡി.വൈ.എസ്.പി.-മാർ 'ഒരു ഹെഡ് ക്ലാർക്ക്' രണ്ട് ക്ലാർക്ക് എന്നിവരെയും ഐ.ആർ. ബറ്റാലിയനിൽ നിയമിച്ചിട്ടുണ്ട്. പുതിയ ഇന്ത്യാ റിസർവ് ബറ്റാലിയൻ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സിവിൽ പോലീസ് ഫോഴ്സ്

10 (1750) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഫോഴ്സിന് രൂപം നൽകിക്കഴിഞ്ഞോ ; എങ്കിൽ ഇതിന്റെ രൂപീകരണവും പ്രവർത്തനവും ഏത് തരത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

10-12-2010-ലെ സ.ഉ. (പി) 268/2010/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

വ്യാജ ആയുധ ലൈസൻസുകൾ

11 (1751) ശ്രീ. യു. സി. രാമൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ആയുധലൈസൻസുകളും തോക്കുകളും വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly